(സി) ടൂറിസം വകുപ്പ് ഇതിനായി നൽകുന്ന ഇക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വിനിയോഗിക്കുന്നത്.

(ഡി) കോവളം, കുമരകം, മൂന്നാർ, ദേവികുളം, വർക്കല, വൈത്തിരി, കുമ്പളങ്ങി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ പുരോഗമിച്ചുവരുന്നു.

ഒട്ടുമ്പുറം ടൂറിസം പദ്ധതി

330 (1028) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒട്ടുമ്പുറം ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ;

(ബി) എത്തെല്ലാം പദ്ധതികളാണ് ഇതിന്റെ ഭാഗമായി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) എന്നത്തേക്ക് രണ്ടാംഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

(ബി) രണ്ടാംഘട്ട പ്രവൃത്തിയിൽ താഴെ പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. Pavilion with Toilet Block
2. Food Court
3. Seating
4. Podium
5. Pathway
6. Utility shop

LIBRARY ARCHIVES Kerala Legislative Assembly

7. Walk way

8. Entrance Gate

9. Car Parking area

10. Repair and modification of existing road

(സി) പ്രസ്തുത പദ്ധതി 3 മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

ഉത്സവത്തിന് ടൂറിസം വകുപ്പിന്റെ ഗ്രാന്റ്

331 (1029) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര, ചെട്ടിക്കുളങ്ങര കുംഭ ഭരണി മഹോത്സവത്തിന് ടൂറിസം വകുപ്പിന്റെ ഗ്രാന്റ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ.-മാർ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടൂറിസം വകുപ്പ് പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഫയൽ നമ്പർ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഫണ്ടിന്റെ ലഭ്യത പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

332 (1030) ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly